# പട്ടിക ജാതി വിഭാഗ അംഗ സംഘങ്ങൾക്ക് ഉള്ള
# വായ്പ പദ്ധതി അറിയിപ്പ്

**2019-2020 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം - ഫെഡറേഷൻ അംഗങ്ങൾ ആയ പട്ടിക ജാതി വികസന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഉള്ള വായ്പ സഹായ പദ്ധതി**

2019-2020 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതയിനത്തിൽ പട്ടിക ജാതി വികസന വകുപ്പ് മുഖേന അനുവദിച്ച **135 ലക്ഷം** രൂപ നിബന്ധനകൾക്ക് വിധേയം ആയി ഉല്പാദനപരം ആയ പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ചു, **പരമാവധി Rs.5,00,000/- (അഞ്ചു ലക്ഷം) രൂപ** വരെയുള്ള വായ്പ ധന സഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ **15-09-2020 തീയതി പകൽ 5 മണിക്കകം** ഫെഡറേഷൻ ആഫീസിൽ ലഭിക്കുന്ന വിധം തപാൽ മാർഗമോ നേരിട്ടോ സമർപ്പിക്കേണ്ടതാണ്.

പ്രാഥമിക സംഘങ്ങൾക്ക് 4% വാർഷിക പലിശ നിരക്കിൽ ലഭിക്കുന്ന തുക ഉപയോഗിച്ച് , നിർദിഷ്ട പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം ഉള്ള പ്രവർത്തനങ്ങൾക്കായി , സ്വാശ്രയഗ്രൂപ്പുകൾക്ക് 4 വർഷ തിരിച്ചടവ് ക്രമത്തിൽ പരമാവധി 8% പലിശ നിരക്കിൽ വായ്പ വിതരണം നടത്താവുന്നതാണ്.

**അനുവദിക്കാവുന്ന വായ്പ്പ ആവശ്യങ്ങൾ: -**

അംഗ സംഘങ്ങളിലെ പ്രാഥമിക അംഗങ്ങൾക്ക്, ഉപജീവന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും അംഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി ഉള്ള താഴെ പറയുന്ന ഉല്പാദന നിർമാണ സേവന പദ്ധതികൾ ഏറ്റെടുക്കുന്നതിന് ആണ് വായ്പ സഹായം അനുവദിക്കുന്നത്. വായ്പ അപേക്ഷ, അനുബന്ധങ്ങൾ എന്നിവയുടെ മാതൃക വെബ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്, കൂടാതെ അപേക്ഷ ഫോറം നേരിട്ട് ഹെഡ് ഓഫീസിൽ നിന്നോ, തൃശൂർ ബ്രാഞ്ച് ഓഫീസിൽ നിന്നോ ലഭിക്കുന്നതും ആണ്.

| # | ഉല്പാദന നിർമാണ സേവന പദ്ധതികൾ | ഗുണഭോക്താക്കൾ |
|---|---|---|
| 1 | സ്റ്റാർട്ടപ്പുകൾ (start Up Projects). | സംഘങ്ങളുടെ നേതൃത്വത്തിൽ യുവതി യുവാക്കളുടെ സ്വായാശ്രയ ഗ്രൂപ് കൾക്ക് |
| 2 | ടൂറിസ്റ്റ് ഹോം സ്റ്റേകളും അനുബന്ധ നടൻ ഭക്ഷണ ശാലകളുടെയും നടത്തിപ്പ്. | അടിസ്ഥാന വീട് സൗകര്യങ്ങൾ ഉള്ള തിരഞ്ഞെടുത്ത വീട്ടമ്മമാർക്ക് /യുവതികൾക്ക് |
| 3 | പ്രാദേശിക ചെറുകിട മാലിന്യ ശേഖരണ സംസ്കരണ യൂണിറ്റ്കൾ | സ്വായാശ്രയ ഗ്രൂപ് കൾക്ക് |
| 4 | പഴം /പച്ചക്കറി / ആയുർവേദ മരുന്ന്ചെടി വ്യാവസായിക കൃഷി | സ്വായാശ്രയ ഗ്രൂപ് കൾക്ക് |
| 5 | ആയുർധരാ ആയുർവേദ പഞ്ചകർമ ചികിത്സ കേന്ദ്രങ്ങൾ | അംഗീകൃത യോഗ്യതയുള്ള അംഗങ്ങളുടെ സ്വായാശ്രയ ഗ്രൂപ് കൾക്ക് |
| 6 | വനിതാ ഓട്ടോ റിക്ഷ സർവീസ് | വനിതാ സ്വായാശ്രയ ഗ്രൂപ് കൾക്ക് |
| 7 | വസ്ത്ര അലക്ക് / ഇസ്തിരി / ഡ്രൈ ക്ലീനിങ് യൂണിറ്റുകൾ | വനിതാ സ്വായാശ്രയ ഗ്രൂപ് കൾക്ക് |

| | | |
|---|---|---|
| 8 | വസ്ത്ര നിർമാണ യൂണിറ്റുകൾ | വനിതാ സ്വായാശ്രയ ഗ്രൂപ്പ് കൾക്ക് |
| 9 | കറി മസാല / ധന്യ പൊടി സംസ്കരണ /പാക്കിങ്, വിപണന യൂണിറ്റുകൾ | വനിതാ സ്വായാശ്രയ ഗ്രൂപ്പ് കൾക്ക് |
| 10 | കുട ബാഗ് ഗൃഹോപകരണങ്ങൾ, കരകൗശല ഉലപന്നങ്ങൾ - നിർമാണം വിപണനം | വനിതാ സ്വായാശ്രയ ഗ്രൂപ്പ് കൾക്ക് |
| 11 | ഉല്പാദന നിർമാണ സേവന യൂണിറ്റുകൾക്ക് പ്രവർത്തന മൂലധന സഹായം | നിലവിൽ ലാഭകരം ആയുള്ള യൂണിറ്റുകൾക്ക് |
| 12 | ഉല്പാദന വർദ്ധനവിനും, വൈവിധ്യവൽക്കരണത്തിനും ആവശ്യവുമായ ഭൗതിക സൗകര്യ വികസന മൂലധന സഹായം. | നിലവിൽ ലാഭകരം ആയുള്ള ഉല്പാദന നിർമാണ സേവന യൂണിറ്റുകൾക്ക് |

**<u>വായ്പ്പ യോഗ്യത:</u>**

2016-2017 മുതൽ 2018-2019 വരെ മൂന്ന് സാമ്പത്തിക വർഷത്തിൽ തുടർച്ചയായി പ്രവർത്തന ലാഭത്തിൽ ഉള്ളതോ, 2015-2016 സാമ്പത്തിക വർഷം വരെ അറ്റലാഭത്തിൽ ആയിരുന്നതും, എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പ്രവർത്തന നഷ്ടം വന്നിട്ടുള്ളതോ ആയ സംഘങ്ങൾക്ക് മാത്രം ആയിരിക്കും • വായ്പ അനുവദിക്കുന്നത്. കൂടാതെ സംഘത്തിന് ഫെഡറേഷനിൽ നിലവിൽ വായ്പ കുടിശിക ഉണ്ടായിരിക്കരുത് (നിലവിൽ കുടിശിക ഉള്ള പക്ഷം ആയതു ഒടുക്കി തീർത്തിരിക്കണം) .2018-2019 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തീകരിച്ചിരിക്കണം. സ്ഥിര തസ്തിയയിൽ പെയ്ഡ് സെക്രട്ടറി ഉണ്ടായിരിക്കണം എന്നീ നിബന്ധനകളും ബാധകമായിരിക്കും

**<u>മറ്റു നിബന്ധനകൾ. വ്യവസ്ഥകൾ</u>**

1. പട്ടികയിൽ പറയുന്ന ഉല്പാദന സേവന മേഖലകളിൽ സ്വായാശ്രയ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, സംഘങ്ങൾ നേരിട്ടോ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പൂർണ വിവരം പദ്ധതി നിർദ്ദേശം (Project Report) പ്രകാരം കാണിച്ചിരിക്കണം.
2. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിക്ക് ആവശ്യമായ ഭൂമി, കെട്ടിടം. തുടങ്ങി ഉള്ള ഭൗതിക സൗകര്യം (നിലവിൽ ഉള്ളത് / അധികമായി വേണ്ടി വരുന്നത്), പ്രവർത്തന മൂലധനം, ഓരോഇനത്തിലും ഉള്ള ആകെ ചെലവ്, പ്രതീക്ഷിക്കുന്ന വില്പന വരുമാനം, പ്രതീക്ഷിക്കുന്ന അറ്റ ലാഭം, പദ്ധതി ലാഭകരം ആകാൻ വേണ്ടി വരുന്ന കാലയളവോ , അഥവാ ആദ്യത്തെ മൂന്ന് വർഷമോ ഏതാണോ കൂടുതൽ അതുവരെയുള്ള ആകെ പ്രതീക്ഷിക്കുന്ന വരവ് ചെലവ് , ലാഭ നഷ്ടം എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങൾ, ഓരോ കുടുംബത്തിനും ലഭിക്കുന്ന പ്രതി വർഷ വരുമാനം എന്നിങ്ങനെ ഉള്ള വിവരണങ്ങൾ പദ്ധതി നിർദ്ദേശത്തിൽ വിശദമാക്കിയിരിക്കണം.
3. വായ്പ അനുവദിക്കുന്ന സ്വായാശ്രയ ഗ്രൂപ്പുകൾക്ക് നിലവിൽ വായ്പ കുടിശിക പാടില്ല
4. ഗ്രൂപ്പുകൾക്കും, അംഗങ്ങൾക്കും സംഘത്തിൽ സേവിങ് അക്കൗണ്ട് ഉണ്ടായിരിക്കണം. വായ്പ തുക വിതരണം, തിരിച്ചടവ് എന്നിവ പ്രസ്തുത അക്കൗണ്ട് മുഖേന ആയിരിക്കണം.
5. വായ്പ അപേക്ഷയോടൊപ്പം, വിശദമായ പദ്ധതി റിപ്പോർട്ട്, , മൂന്ന് വർഷത്തെ ലാഭ നഷ്ട കണക്ക്, ഏറ്റവും ഒടുവിലെ വാർഷിക കണക്കുകൾ, ഭരണ സമിതി തീരുമാനത്തിന്റെ ശരി പകർപ്പ് എന്നിവ താഴെ കാണിച്ചിട്ടുള്ള മറ്റു അനുബന്ധങ്ങൾ സഹിതം സമർപ്പിക്കണം.

6. ജില്ലാ ജോയിന്റ് രജിസ്ട്രാർ അപേക്ഷ പരിശോധിച്ച് അർഹത സാക്ഷ്യപ്പെടുത്തേണ്ടതും, വായ്പ്പ അനുവദിക്കുന്നതിന് ശുപാർശ ചെയ്തിരിക്കേണ്ടതും ആണ്.
7. വായ്പ തുക കൈപറ്റി മൂന്ന് മാസത്തിനുള്ളിൽ, വിനിയോഗം പൂർത്തീകരിക്കേണ്ടതും, വിനിയോഗ വിവരം, ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാർ ആഫിസിലെ എസ് സി എസ് ടി അസിസ്റ്റന്റ് രജിസ്ട്രാറുടെ സാക്ഷ്യപ്പെടുത്തലോടുകൂടി സമർപ്പിക്കേണ്ടതും ആണ്.
8. തുക വിനിയോഗിച്ചു നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് പുരോഗതി വിവരം ഓരോ ആറുമാസത്തേതും, പ്രവർത്തന റിപ്പോർട്ട്, അർദ്ധ വാർഷിക കണക്കുകൾ, ഫോട്ടോ എന്നിവ സഹിതം ഫെഡറേഷന് സമർപ്പിക്കേണ്ടതാണ്.
9. നിർദിഷ്ട പദ്ധതികൾക്കല്ലാതെ ഉള്ള തുക വിനിയോഗം അനുവദിക്കുന്നതല്ല. അപ്രകാരം തുക വക മാറ്റി വിനിയോഗം ചെയ്തതായി കണ്ടെത്തുന്ന പക്ഷം, വകുപ്പ് തല നടപടിക്ക് ശുപാർശ ചെയ്യുന്നതും, വായ്പ തുക പൂർണമായി, 12% പലിശ സഹിതം ഫെഡറേഷനിൽ തിരിച്ചടിക്കേണ്ടതും ആണ്.
10. പൂരിപ്പിച്ച വായ്പ അപേക്ഷ സംഘം സെക്രട്ടറി ഒപ്പ് വച്ച് , താഴെ പറയുന്ന രേഖകൾ സഹിതം, ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ് .
11. മേൽ വ്യവസ്ഥകൾ / നിബന്ധനകൾ പാലിക്കാതെയോ, ആവശ്യമായ രേഖകൾ സഹിതം അല്ലാതെയോ, നിശ്ചിത തീയതിക്ക് ശേഷം സമപ്പിക്കുന്നതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്.

## <u>വായ്പ അപേക്ഷ / അനുബന്ധ രേഖകൾ</u>

1. ജോയിന്റ് രജിസ്ട്രാറുടെ ശുപാർശ കത്ത്
2. പൂരിപ്പിച്ച വായ്പ അപേക്ഷ - അനുബന്ധം I മാതൃകയിൽ
3. പദ്ധതി റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടും, ടി പദ്ധതിക്ക് വായ്പ സ്വീകരിക്കുന്നതിന് അനുമതി നല്കി വായ്പ അപേക്ഷ അംഗീകരിച്ചു കൊണ്ട് ഉള്ള ഭരണ സമിതി തീരുമാനം ശരി പകർപ്പ് - അനുബന്ധം II മാതൃകയിൽ
4. വിശദമായ പദ്ധതി നിർദ്ദേശം
5. പദ്ധതി ഗുണഭോക്താക്കൾ ആയ സ്വാശ്രയ ഗ്രൂപ്പുകളുടെ വിവരം - അനുബന്ധം III മാതൃകയിൽ
6. ഗ്രൂപ് തിരിച്ചുള്ള അംഗങ്ങളുടെ പട്ടിക -അനുബന്ധം IV മാതൃകയിൽ
7. ഭരണ സമിതി അംഗങ്ങളുടെ വിവരം - അനുബന്ധം V മാതൃകയിൽ
8. 2016-2017- , 2017-2018, 2018-2019 എന്നീ വർഷങ്ങളിലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് (2016-2017 മുതൽ മൂന്ന് വർഷം അറ്റ ലാഭത്തിൽ ഉള്ള പക്ഷം,
9. 2013-2014- , 2014-2015, 2015-2016 എന്നീ വർഷങ്ങളിലെ ഓഡിറ്റ് സർട്ടിഫിക്കറ്റ് (2016-2017 മുതൽ മൂന്ന് വർഷം പ്രവർത്തന നഷ്ടം ഉള്ള പക്ഷം)
10. 2019-2020 വർഷത്തെ ഓഡിറ്റിന് വിധേയം ആയ അഥവാ താത്കാലിക ലാഭ നഷ്ട കണക്ക് / ബാക്കി പത്രം
11. 2019-2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട്
12. നിലവിൽ ഫെഡറേഷനിൽ വായ്പ ബാക്കി നില്പുള്ള പക്ഷം ആയതിന്റെ വിവരം, ബാക്കി നിൽപ്പിൽ കുടിശിക ഉള്ള പക്ഷം, ആയതു ഒടുക്കി തീർത്ത വിവരം - അനുബന്ധം VI മാതൃകയിൽ

ഒപ്പ്

മാനേജിങ് ഡയറക്ടർ